"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – അഗ്രികൾച്ചറൽ കോപ്പറേറ്റീവ് ഓഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) ന് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.455/2025/Co-Op തീയതി,തിരുവനന്തപുരം, 25-10-2025

---

പരാമർശം:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 03/02025ലെ പി&എ എ (1)/5785/2025 നം. കത്ത്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 03.09.2025 ലെ പി&എം ബി(6)6771/2025 നം. കുറിപ്പ്
3. 25/09/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
4. ഇ അനുമതി നം. AS/COP/25/ 46963 Subsidy
5. സ.ഉ (സാധാ) നം.445/2025/സഹ തീയതി 22/10/2025

**<u>ഉത്തരവ്</u>**

അഗ്രികൾച്ചറൽ കോപ്പറേറ്റീവ് ഓഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) ന് കോഴ്സുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുവനുള്ള സഹായം, നവീകരണ പ്രവർത്തനങ്ങൾ, ഗവേഷണവും പ്രസിദ്ധീകരണവും എന്നിവയിലേക്കായി (അടിസ്ഥാന സൗകര്യ വികസനത്തിനായി) ചുവടെ പറയുന്ന ഇനങ്ങൾക്ക് 200.00 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള അപേക്ഷ പരാമർശം (3) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| നമ്പർ | ഇനം | തുക ലക്ഷത്തിൽ |
|---|---|---|
| 1 | മൺവിള കാമ്പസിൽ ഗവേഷണ ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണം | 157 |
| 2 | 1, 2 ഹോസ്റ്റലുകളുടെ മേൽക്കൂരയുടെ മുകളിൽ 25 kwp യുടെ സോളാർ പവർ ജനറേറ്റിംഗ് സിസ്റ്റം സ്ഥാപിക്കലും കമ്മീഷൻ ചെയ്യലും | 30 |
| 3 | ഹോസ്റ്റലിന്റെ മുകളിൽ ട്രെയിനികൾക്ക് വിനോദ സൗകര്യമൊരുക്കുന്നതിന്. | 13 |
| | ആകെ | 200 |

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും 25/09/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് (ACSTI) അടിസ്ഥാന സൗകര്യ വികസനത്തിനായി 200.00 ലക്ഷം രൂപ(ഇരുന്നൂറ് ലക്ഷം രൂപ മാത്രം) ധനസഹായം മേൽ വിവരിച്ച പ്രകാരം 2425-003-86-36-സബ്സിഡി ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകിയും പരാമർശം (5) ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/204/2025)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 25-10-2025 16:59:57

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.